"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസം വസ്തു നികുതി ഒറ്റത്തവണയായി ഒടുക്കുന്നവർക്ക് ഇൻസന്റീവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.106/2024/LSGD    തീയതി,തിരുവനന്തപുരം, 15-08-2024

---

പരാമർശം:-    തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.02.2024 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ വലിയൊരു പങ്കു വഹിക്കുന്നത് കെട്ടിട നികുതിയാണ്. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നികുതി രണ്ട് അർദ്ധ വർഷങ്ങളിലായിട്ടാണ് ഈടാക്കുന്നത്. ഒന്നാമത്തെ അർദ്ധ വർഷത്തെ നികുതി അടവാക്കേണ്ടത് ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30-നുള്ളിലും, രണ്ടാം അർദ്ധ വർഷത്തേതു ഒക്ടോബർ 1 മുതൽ മാർച്ച് 31-നുള്ളിലുമാണ്. സാധാരണയായി പൊതുജനങ്ങൾ അർദ്ധവർഷം അവസാനമാണ് നികുതി അടയ്ക്കുന്നത്. ആയതു കാരണം അർദ്ധവർഷത്തെ ആദ്യ മാസങ്ങളിലെ ചെലവുകൾ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യമുണ്ട്. അതിനാൽ അർദ്ധവർഷത്തെ നികുതി ആദ്യ മാസങ്ങളിൽ തന്നെ അടയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേക്കു വേണ്ടി, മുൻകൂറായി വസ്തു നികുതി ഒടുക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നതിന് പരാമർശത്തിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസം, ഏപ്രിൽ 30-നകം വാർഷിക വസ്തു നികുതി ഒറ്റത്തവണയായി ഒടുക്കുന്നവർക്ക് 5% (അഞ്ച് ശതമാനം) ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203(19)(ix), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233(19)(ix) പ്രകാരം ചട്ടങ്ങളിൽ വസ്തു നികുതി ചട്ടങ്ങളിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതാണ് എന്ന നിബന്ധനയ്ക്കു വിധേയമായി 01.04.2025 തീയതി മുതൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ).
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/111/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 16-08-2024 13:00:11

സെക്ഷൻ ഓഫീസർ